# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.435

### 29-05-2019 ൽ മറുപടിക്ക്

### കുടിവെള്ള പദ്ധതികൾക്ക് കിഫ്ബി ധനസഹായം

| ചോദ്യം<br><br>ഡോ. എൻ. ജയരാജ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ പ്രഖ്യാപിച്ചിട്ടും സാങ്കേതികമായി നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ബി) എങ്കിൽ അത്തരം പദ്ധതികൾക്ക് അനുവദിച്ച തുക മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ഏതെങ്കിലും പദ്ധതി ഉപേക്ഷിക്കപ്പെടുന്നതു വഴി വിനിയോഗിക്കപ്പെടാതെ പോകുന്ന തുകകൾ, കിഫ്ബി സഞ്ചിത നിധിയിൽ തന്നെ അവശേഷിക്കുകയും പൂർണ രൂപത്തിൽ കിഫ്ബി നിയമാവലികൾക്കു അനുസൃതമായി സമർപ്പിക്കപ്പെടുന്ന മറ്റ് പദ്ധതികൾക്കായി ചെലവാക്കപ്പെടുകയും ചെയ്യാവുന്നതാണ്. |
| (സി) കേന്ദ്രസഹായം ലഭ്യമാകാതെ പാതിവഴിയിൽ മുടങ്ങിക്കിടക്കുന്ന കുടിവെള്ളപദ്ധതികൾ പൂർത്തിയാക്കുന്നതിന് പ്രസ്തുത തുക വിനിയോഗിക്കുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ? | കിഫ്ബി നിയമാവലി പ്രകാരം ബന്ധപ്പെട്ട ഭരണവകുപ്പ് മന്ത്രിസഭയുടെ അംഗീകാരത്തോടെ ഭരണാനുമതി പുറപ്പെടുവിച്ചാൽ മാത്രമേ ബഡ്ജറ്റിൽ പ്രഖ്യാപിക്കാത്ത പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാൻ സാധിക്കുകയുള്ളു. കുടിവെള്ള പദ്ധതികളുടെ കാര്യത്തിലും ഇത് ബാധകമാണ്. |

സെക്ഷൻ ഓഫീസർ